**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്ക് ഏജൻസി കാലയളവിൽ നൽകാവുന്ന ചികിത്സാ ധനസഹായ പരിധി സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം - സി ) വകുപ്പ്**

സ.ഉ. (പി) നം. 13/2016 ധന　　　　തീയതി, തിരുവനന്തപുരം, 27/01/2016.

---

പരാമർശം :- 1. സ.ഉ.(പി)നം.98/2011/ധന. തീയ്യതി. 01.03.2011.

2. സ.ഉ.(പി)നം.470/2015/ധന. തീയ്യതി. 19.10.2015

**ഉത്തരവ്**

ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർക്കായി പരാമർശം (1) ലെ ഉത്തരവു പ്രകാരം ഏർപ്പെടുത്തിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിർത്തലാക്കികൊണ്ടും ഏജന്റുമാരുടെ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിൽ ഏജൻസി പീരിയഡിൽ ചികിത്സാധനസഹായമായി ഏജന്റിനും കുടുംബാംഗങ്ങൾക്കും കൂടി ആകെ അനുവദിക്കാവുന്ന തുകയുടെ പരിധി 25000/- രൂപയിൽ നിന്നും 50000/- രൂപയായി ഉയർത്തിയിരുന്നു. ഇതിൽ 25000/- രൂപ ചികിത്സാധനസഹായം ലഭ്യമായ ഏജന്റുമാർക്ക് ബാക്കി 25000/- രൂപയ്ക്കുകൂടി അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന് 19.10.2015 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും കൂടാതെ സൂചന (2) ലെ ഉത്തരവിന്റെ ഖണ്ഡിക 3-ലെ 3-ാം ഉപഖണ്ഡികയായ "മരുന്നുകളുടെ വില, ലബോറട്ടറി ചാർജ്ജ്, മുറി വാടക എന്നിവയ്ക്ക് സർക്കാർ നിരക്കിൽ മാത്രം റീ-ഇംബേഴ്സ്മെന്റ് അനുവദനീയമാണ്" എന്നുള്ള ഭാഗം ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയ് മേരി ജോൺ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

3. അക്കൌണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

4.ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് , തിരുവനന്തപുരം.

5.നോഡൽ ഓഫീസർ, www.finance.kerala.gov.in

6.കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ